മാതൃഭൂമി 30 september 2022

# ദേശീയ റാങ്കിങ്ങിൽ സി.എം.എഫ്.ആർ.ഐ.ക്ക് മികവ്

കൊച്ചി▸ ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ (ഐ.സി.എ.ആർ.) റാങ്കിങ്ങിൽ ഫിഷറീസ്-അനിമൽ സയൻസ് വിഭാഗത്തിൽ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) രാജ്യത്ത് ഒന്നാമതെത്തി. 2019 മുതൽ 2021 വരെയുള്ള മികവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പട്ടികയിലാണ് സി.എം.എഫ്.ആർ.ഐ. മുന്നിലെത്തിയത്.

കൂടാതെ, ഐ.സി.എ.ആറിനു കീഴിൽ ആറ് വിഭാഗങ്ങളിലായുള്ള 93 ഗവേഷണ സ്ഥാപനങ്ങളുടെ പട്ടികയിൽ മൂന്നാമതാണ് സി.എം.എഫ്.ആർ.ഐ. കേരളത്തിൽ ആസ്ഥാനമുള്ള അഞ്ച് ഐ.സി.എ.ആർ. സ്ഥാപനങ്ങളിൽ ഒന്നാമതെത്തുകയും ചെയ്തു. സമുദ്രമത്സ്യ മേഖലയുടെ വികസനത്തിനായി കൂട്ടായ്മയോടെ നടത്തിയ ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായാണ് ഈ നേട്ടത്തെ കാണുന്നതെന്ന് ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു.